"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി മത്സ്യഫെഡ് വഴി അനുവദിക്കുന്ന മണ്ണെണ്ണയ്ക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി, ലിറ്ററിന് 25/- രൂപയിൽ നിന്നും 50/- രൂപയായി വർദ്ധിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/F&P തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:- 1. 24.02.2026 ലെ മന്ത്രിസഭായോഗത്തിന്റെ ഇനം 3746 നമ്പർ തീരുമാനം

**ഉത്തരവ്**

ജസ്റ്റിസ്(റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിച്ച് തീരുമാനമെടുക്കേണ്ടതായി കണ്ടെത്തിയ ശിപാർശകളിൽ മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 8.231 ചുവടെ പ്രകാരമാണ്.

*ഒരു നിശ്ചിത അളവിലുള്ള ഡീസലോ മണ്ണെണ്ണയോ തികച്ചും സൗജന്യമായും, വേറൊരു അളവിലുള്ള ഡീസലും മണ്ണെണ്ണയും പൂർണ്ണമായി നികുതി ഒഴിവാക്കിയുള്ള വിലയിലും പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ബോട്ടുകളുടെ അടിസ്ഥാനത്തിൽ നൽകണം. ഇന്ധനവിലയിൽ മത്സ്യമേഖലക്ക് പ്രത്യേക നികുതിയിളവ് / സബ്സിഡി നൽകി സഹായിക്കണം. പ്രതിമാസം ഒരു തൊഴിൽ ഉടമയ്ക്ക് 3,750 ലിറ്റർ (150x25) മണ്ണെണ്ണ ലഭ്യമാക്കുന്നതിനും ഫിഷ് ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനും ഉള്ള നടപടികൾ സ്വീകരിക്കണം.*

2) പ്രസ്തുത ശിപാർശയിന്മേൽ, പത്തു വർഷത്തിനു മേലെയായി സബ്സിഡി തുകയിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ മണ്ണെണ്ണ സബ്സിഡി 50 രൂപയായി ഉയർത്തുന്നത് പരാമർശം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, പത്തു വർഷത്തിനു മേലെയായി സബ്സിഡി തുകയിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി മത്സ്യഫെഡ് വഴി

അനുവദിക്കുന്ന മണ്ണെണ്ണയ്ക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി, ലിറ്ററിന് 25/- രൂപയിൽ നിന്നും 50/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആൻഡ് ഇ),കേരളം,തിരുവനന്തപുരം
പൊതുഭരണ (എസ്. സി.) വകുപ്പ് (24.02.2026 ലെ മന്ത്രിസഭാ യോഗതീരുമാനം ഇനം. 3746)
ഡയറക്ടർ,വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Biju. K
Date: 09-03-2026 17:26:23

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി എസ് ന്